F.Y.
September 2016

Reg. No. ......................................

Name ..........................................

425

# First Year Higher Secondary Improvement Examination

## Part - III
## HISTORY

Maximum : 80 Scores
(Map of the World)

Time : 2½ Hours
Cool off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool off time' of 15 minutes in addition to the writing time of 2½ hrs.
- You are neither allowed to write your answers nor to discuss anything with others during the 'cool off time'.
- Use the 'cool off time' to get familiar with questions and to plan your answers.
- Read the questions carefully before answering.
- All questions are compulsory and only internal choice is allowed.
- When you select a question, all the sub-questions must be answered from the same question itself.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Electronic devices except nonprogrammable calculators are not allowed in the Examination Hall.

**നിർദ്ദേശങ്ങൾ:**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. ഇന്റേണൽ ചോയ്സ് മാത്രമേ അനുവദിക്കുകയുള്ളൂ.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപ ചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തര പേപ്പറിൽത്തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

HSSLIVE.IN

1. Some aspects of the Mesopotamian city life and its peculiar features are given in the following table. Appropriately arrange them. (4)

| A | B |
|---|---|
| a) Urban life | city of Uruk |
| b) Cuneiform | nuclear family |
| c) Society | wedge shaped |
| d) Gilgamesh | division of labour |

2. Choose the correct answer for the following questions from the given alternatives.

a) The person who used the word 'Humanities' at first.
   i) Cicero
   ii) Giotto
   iii) Dante
   iv) Machiavelli

b) The term 'Renaissance Man' means ............
   i) A person who is very strong
   ii) A person who is very clever
   iii) A person who is very bold
   iv) A person with many interests and skills

c) The person who popularized the protestant ideas in Switzerland.
   i) Martin Luther
   ii) Ulrich Zwingli
   iii) Thomas More
   iv) Donatello

1. മെസോപൊട്ടേമിയൻ നഗരജീവിതത്തിന്റെ ചില സവിശേഷതകളും അവയുടെ പ്രത്യേകതകളും ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്നു. അനുയോജ്യമായത് ക്രമത്തിൽ എഴുതുക. (4)

| എ | ബി |
|---|---|
| a) നഗര ജീവിതം | ഉറുക് നഗരം |
| b) ക്യൂണിഫോം | അണു കുടുംബം |
| c) സമൂഹം | ആപ്പിന്റെ ആകൃതി |
| d) ഗിൽഗമേഷ് | തൊഴിൽ വിഭജനം |

2. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക.

a) 'ഹ്യുമാനിറ്റിസ്' എന്ന പദം ആദ്യമായി ഉപയോഗിച്ച വ്യക്തി.
   i) സിസെറോ
   ii) ഗിയോട്ടോ
   iii) ദാന്തെ
   iv) മാക്കിയവെല്ലി

b) 'നവോത്ഥാന മനുഷ്യൻ' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.
   i) കരുത്തനായ മനുഷ്യൻ
   ii) ബുദ്ധിമാനായ മനുഷ്യൻ
   iii) ധീരനായ മനുഷ്യൻ
   iv) വിവിധങ്ങളായ താത്പര്യങ്ങളും നൈപുണ്യങ്ങളും ഉള്ളയാൾ

c) സ്വിറ്റ്സർലണ്ടിൽ പ്രൊട്ടസ്റ്റന്റ് ആശയങ്ങൾ പ്രചരിപ്പിച്ച വ്യക്തി.
   i) മാർട്ടിൻ ലൂഥർ
   ii) അൽറിച്ച് സ്വിംഗ്ളി
   iii) തോമസ് മൂർ
   iv) ഡൊണാടെല്ലോ

HSSLiVE.IN

d) 'Society of Jesus' was setup by .............

i) Erasmus

ii) William Harvey

iii) Ignatius of Loyola

iv) Francesco Barbaro (4)

d) 'സൊസൈറ്റി ഓഫ് ജീസസ്' സ്ഥാപിച്ചത് ............... .

i) ഇറാസ്മസ്

ii) വില്ല്യം ഹാർവെ

iii) ഇഗ്നേഷ്യസ് ലയോള

iv) ഫ്രാൻസിസ്കോ ബർബറോ (4)

3. Find the relationship between the two parts of item '*a*' and fill up the '*b*' accordingly. (4)

3. 'എ' വിഭാഗത്തിലെ രണ്ടു ഘടകങ്ങൾ തമ്മിലുള്ള പരസ്പര ബന്ധം മനസ്സിലാക്കി അതുപോലെ 'ബി' വിഭാഗം പൂർത്തീകരിക്കുക. (4)

| | | | | |
|---|---|---|---|---|
| i) | a) | Spinning Jenny<br>സ്പിന്നിംഗ് ജന്നി | : | James Hargreaves<br>ജയിംസ് ഹാർഗ്രീവ്സ് |
| | b) | Power loom<br>പവർ ലൂം | : | ............................<br>............................ |
| ii) | a) | Worsley canal<br>വോഴ്സ്ലി കനാൽ | : | James Brindley<br>ജയിംസ് ബ്രിൻഡ്‌ലി |
| | b) | The Mule<br>ദി മ്യൂൾ | : | ............................<br>............................ |
| iii) | a) | Puffing Devil<br>പഫിംഗ് ഡെവിൾ | : | Richard Trevithick<br>റിച്ചാർഡ് ട്രെവിനിക് |
| | b) | The Blutcher<br>ദി ബ്ലൂച്ചർ | : | ............................<br>............................ |
| iv) | a) | Abraham Darby<br>എബ്രഹാം ഡാർബി | : | Metallurgical industry<br>ലോഹസംസ്കരണ വ്യവസായം |
| | b) | James Watt<br>ജെയിംസ് വാട്ട് | : | ............................<br>............................ |

HSSLiVE.IN

4. Arrange the following events in chronological order.

- Tokyo Olympics
- Long March
- Meiji Restoration
- Cultural Revolution (4)

5. Name the following places/areas and mark in the outline map provided.

a) The sea which separates Africa and Europe.

b) The place where Mohammed reached after the migration from Mecca.

c) The new capital established by the Abbasids

d) The 'Holy Land' which was a major issue between the Christians and the Muslims during the crusades. (4)

6. 'Britain was the first country to experience modern industrialization'. Why? (2)

4. താഴെ കൊടുത്തിരിക്കുന്ന സംഭവങ്ങളെ കാലഗണനാ ക്രമത്തിലാക്കുക.

- ടോക്കിയോ ഒളിംപിക്സ്
- ലോഗ് മാർച്ച്
- മെയ്ജി പുനഃസ്ഥാപനം
- സാംസ്കാരിക വിപ്ലവം (4)

5. തന്നിരിക്കുന്ന ഭൂപടത്തിന്റെ രൂപരേഖയിൽ താഴെപറയുന്ന സ്ഥലങ്ങൾ/പ്രദേശങ്ങൾ പേര് സഹിതം രേഖപ്പെടുത്തുക.

a) ആഫ്രിക്കയേയും യൂറോപ്പിനേയും വേർതിരിക്കുന്ന സമുദ്രം.

b) മെക്കയിൽ നിന്നും പലായനം ചെയ്തശേഷം മുഹമ്മദ് എത്തിചേർന്ന സ്ഥലം.

c) അബ്ബാസിദുകൾ സ്ഥാപിച്ച പുതിയ തലസ്ഥാനം.

d) കുരിശു യുദ്ധകാലത്ത് മുസ്ലീംങ്ങൾക്കും, ക്രൈസ്തവർക്കും ഇടയിൽ പ്രധാന പ്രശ്നമായി മാറിയ 'വിശുദ്ധ ഭൂമി'. (4)

6. 'ആധുനിക വ്യാവസായവൽക്കരണം നടപ്പിലായ ആദ്യ രാഷ്ട്രം ബ്രിട്ടനാണ്'. എന്തുകൊണ്ട്? (2)

HSSLiVE.IN

7. 'Luddism was not merely a backward-looking assault on machines-'. Examine the validity of this statement. (2)

7. 'ലൂദ്ദിസം' കേവലം യന്ത്രങ്ങൾക്കെതിരായുള്ള ഒരു പിന്തിരിപ്പൻ ആക്രമണമല്ല. ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക. (2)

8. How far the 'Gold Rush' influenced the industrial growth of America. (2)

8. അമേരിക്കയുടെ വ്യാവസായിക മുന്നേറ്റത്തെ 'ഗോൾഡ് റഷ്' എത്രമാത്രം സ്വാധീനിച്ചിട്ടുണ്ട്? (2)

9. Distinguish between the replacement model and regional continuity model of human origin. (3)

9. മനുഷ്യന്റെ ഉത്ഭവത്തെ സംബന്ധിച്ച ഏകോത്പത്തി മാതൃകയും പ്രാദേശിക തുടർച്ചാ മാതൃകയും തമ്മിലുള്ള വ്യത്യാസം കണ്ടെത്തുക. (3)

10. To which extent the 'Yasa' is important in the evolution of Mongolian identity. (3)

10. മംഗോളിയരുടെ സ്വത്വരൂപീകരണത്തിൽ 'യാസ'യ്ക്ക് എന്തു മാത്രം പ്രാധാന്യമുണ്ട്? (3)

11. 'The cultures of the Aztecs and Incas had certain features in common and were very different from European culture'. Substantiate. (3)

11. ആസ്ടെക് - ഇൻകാ സംസ്കാരങ്ങൾക്ക് ചില പൊതു സവിശേഷതകളുണ്ടെങ്കിലും യൂറോപ്യൻ സംസ്കാരത്തിൽ നിന്നും ഇവ തീർത്തും വിഭിന്നമാണ്. സമർത്ഥിക്കുക. (3)

12. Point out the perceptions of the natives of America on the exchange of goods, forests and land. (3)

12. സാധനങ്ങളുടെ കൈമാറ്റം, വനം, ഭൂമി എന്നിവയെക്കുറിച്ച് അമേരിക്കയിലെ തദ്ദേശീയ വാസികൾക്കുണ്ടായിരുന്ന കാഴ്ചപാട് എന്തെന്ന് വ്യക്തമാക്കുക. (3)

HSSLiVE.IN

13. 'Perhaps the greatest legacy of Mesopotamia to the world is its scholarly tradition of time reckoning and Mathematics'. Elucidate. (4)

14. 'There was a change in the social and economic organization of Western Europe in 11th century which contributed to the hostility between Christendom and Islamic world'. In the light of this statement, examine the causes of the crusades. (4)

15. 'Genghis Khan's career and military strategies played an important role in the formation of Mongolian Empire'. Explain. (4)

16. Evaluate the social conditions of Europe that necessitated the protestant reformation. (4)

17. Explain the meaning and characteristics of 'Australopithecus'! (5)

13. 'മെസോപൊട്ടേമിയൻ സംസ്കാരത്തിന്റെ മഹത്തായ ശേഷിപ്പുകൾ, ഒരു പക്ഷെ ഗണിത ശാസ്ത്രത്താലും, കാല–ഗണനയിലുമായിരിക്കും' വിശദമാക്കുക. (4)

14. 11-ാം നൂറ്റാണ്ടിലെ പടിഞ്ഞാറൻ യൂറോപ്പിന്റെ സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങൾ, ക്രൈസ്തവ - മുസ്ലീം വിഭാഗങ്ങൾക്കിടയിൽ ശത്രുതാ മനോഭാവം വളരുന്നതിനുതകുന്നതായിരുന്നു. ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ കുരിശു യുദ്ധങ്ങളുടെ കാരണങ്ങൾ പരിശോധിക്കുക. (4)

15. 'ചെങ്കിസ്ഖാന്റെ ജീവിതവും സൈനിക തന്ത്രങ്ങളും മംഗോളിയൻ സാമ്രാജ്യത്തിന്റെ രൂപീകരണത്തിൽ മുഖ്യ പങ്കു വഹിച്ചു'. – വിശദീകരിക്കുക. (4)

16. 'പ്രൊട്ടസ്റ്റന്റ് മത നവീകരണ' പ്രസ്ഥാനത്തെ സാധ്യമാക്കിയ യൂറോപ്പിലെ സാമൂഹ്യ സാഹചര്യങ്ങൾ വിലയിരുത്തുക. (4)

17. 'ആസ്ട്രിലോപിത്തേകസി' ന്റെ അർത്ഥവും സവിശേഷതകളും വിശദീകരിക്കുക. (5)

HSSLIVE.IN

18. 'The exploration and Latin the settlement of South America by the Europeans were to have disastrous consequences for the native people and their cultures'. Elucidate. (5)

19. 'The emperor, the aristocracy and the army were the three main 'players' in the political history of the Roman empire'. Analyze the Roman political system on the basis of the above statement.

Areas to be considered :

- The Early Empire
- Provinces, cities and urban life

(8)

**OR**

Critically analyze the economic and social conditions of Roman society.

Areas to be considered :

- Economic expansion
- Controlling workers
- Social hierarchies

(8)

18. 'യൂറോപ്യൻമാർ തെക്കേ അമേരിക്ക കണ്ടെത്തിയതും തുടർന്നവിടെ സ്ഥിരവാസമാക്കിയതും തദ്ദേശിയ ജനതയുടെ ജീവിതത്തേയും സംസ്കാരത്തേയും വിനാശകരമായി ബാധിച്ചു. – വിശദമാക്കുക. (5)

19. 'റോമാ സാമ്രാജ്യത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ ചക്രവർത്തി, കുലീന വർഗ്ഗം, സൈന്യം എന്നിവരായിരുന്നു. മുഖ്യ ചാലക ശക്തികൾ'-ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ റോമിലെ രാഷ്ട്രീയ സംവിധാനം വിശകലനം ചെയ്യുക.

പരിഗണിക്കേണ്ട മേഖലകൾ:

- പുരാതന സാമ്രാജ്യം
- പ്രവിശ്യകൾ, നഗരങ്ങൾ, നഗരജീവിതം.

(8)

**അല്ലെങ്കിൽ**

റോമൻ സമൂഹത്തിന്റെ സാമ്പത്തിക സാമൂഹ്യ സാഹചര്യങ്ങളെ വിമർശനാത്മകമായി വിശകലനം ചെയ്യുക.

പരിഗണിക്കേണ്ട മേഖലകൾ:

- സാമ്പത്തിക വികാസം
- തൊഴിലാളികളെ നിയന്ത്രിക്കൽ
- സാമൂഹ്യ ശ്രേണികൾ

(8)

HSSLiVE.IN

20. Analyze the factors affecting social and economic relations of Medieval Europe.

Areas to be considered :

- Environment and land use
- New agricultural technology
- New towns and town's people. (8)

**OR**

'The changing relationship between the three orders was an important factor in shaping European history for several centuries'. Critically evaluate this statement.

Areas to be considered :

- The clergy
- The nobility
- The peasants (8)

20. മധ്യകാല യൂറോപ്പിന്റെ സാമൂഹ്യ - സാമ്പത്തിക ബന്ധങ്ങളെ സ്വാധീനിച്ച ഘടകങ്ങളെ വിശകലനം ചെയ്യുക.

പരിഗണിക്കേണ്ട മേഖലകൾ:

- പരിസ്ഥിതിയും ഭൂമിയുടെ ഉപയോഗവും
- പുതിയ കാർഷിക സാങ്കേതിക വിദ്യ
- പുതിയ പട്ടണങ്ങളും നഗര ജനതയും (8)

**അല്ലെങ്കിൽ**

'നൂറ്റാണ്ടുകളായി യൂറോപ്പിന്റെ ചരിത്രത്തെ രൂപപ്പെടുത്തുന്നതിൽ, അവിടെ നിലനിന്ന മൂന്ന് തട്ടുകൾക്കിടയിലെ ബന്ധങ്ങളിൽ വന്ന മാറ്റങ്ങൾ ഏറെ സ്വാധീനം ചെലുത്തി'. – ഈ പ്രസ്താവനയെ വിമർശനാത്മകമായി വിലയിരുത്തുക.

പരിഗണിക്കേണ്ട മേഖലകൾ:

- പുരോഹിത വർഗ്ഗം
- പ്രഭുവർഗ്ഗം
- കർഷകർ. (8)

HSSLIVE.IN